# കില
## വാർത്താപത്രിക

VOLUME-9
ISSUE-10
OCTOBER 2016

kila@kilaonline.org | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kilaonline.org





കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ കിലയുമായി സഹകരിച്ച് നടത്തിയ ദ്വിദിന ശിൽപ്പശാല തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി കെ.ടി.ജലീൽ ഉദ്ഘാടനം ചെയ്യുന്നു

# തദ്ദേശസ്ഥാപനങ്ങളിൽ അഴിമതി വെച്ചുപൊറുപ്പിക്കില്ല: മന്ത്രി കെ.ടി.ജലീൽ

**1500 ചതുരശ്ര അടി വിസ്തീർണ്ണമുള്ള വീടുകൾക്കു റേഷൻ കാർഡിനപേക്ഷിക്കാനും വൈദ്യുതി കണക്ഷനും വേണ്ടി താൽക്കാലിക നമ്പർ നൽകുന്ന സംവിധാനം താമസിയാതെ നിലവിൽ വരുമെന്നും മന്ത്രി അറിയിച്ചു.**

തദ്ദേശസ്ഥാപനങ്ങളിൽ ഒരു കാരണവശാലും അഴിമതി വെച്ചുപൊറുപ്പിക്കില്ലെന്നു മന്ത്രി കെ.ടി.ജലീൽ. കെട്ടിട നിർമ്മാണ അനുമതിയുമായി ബന്ധപ്പെട്ട് ഉയർന്നു വരുന്ന വ്യാപകമായ പരാതികളുടെ അടിസ്ഥാനത്തിലാണ് താനിതു പറയുന്നതെന്നു മന്ത്രി പറഞ്ഞു. കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ കിലയുമായി സഹകരിച്ച് നടത്തിയ ദ്വിദിന ശിൽപ്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജനങ്ങളെ ദ്രോഹിക്കുന്ന ഉദ്യോഗസ്ഥനിലപാടിനെ ജനപ്രതിനിധികൾ പ്രതിരോധിക്കണം. അഴിമതി പൂർണമായും തടയുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. താമസിക്കാൻ വീടില്ലാത്തതാണ് ചിലരുടെ പ്രശ്നമെങ്കിൽ വീടിനു നമ്പർ കിട്ടാതെ താമസിക്കാൻ കഴിയാത്തതാണ് വേറൊരുടെ കൂട്ടരുടെ പ്രശ്നം.1500 ചതുരശ്ര അടി വിസ്തീർണ്ണമുള്ള വീടുകൾക്കു റേഷൻ കാർഡിനപേക്ഷിക്കാനും വൈദ്യുതി കണക്ഷനുംവേണ്ടി താൽക്കാലിക നമ്പർ നൽകുന്ന സംവിധാനം താമസിയാതെ നിലവിൽ വരുമെന്നും മന്ത്രി അറിയിച്ചു. ദുർബലവിഭാഗങ്ങളുടെ അഭിവൃദ്ധിയാണ് പഞ്ചായത്തുകളുടെ ലക്ഷ്യം.

സംസ്ഥാനത്ത് ഭൂരഹിതരും ഭവനരഹിതരുമായ ഒന്നേകാൽ ലക്ഷം പേരുണ്ട്. സമ്പൂർണ്ണ പാർപ്പിട പദ്ധതിക്കു നവംബർ ഒന്നിനു തുടക്കം കുറിക്കും.ബ്ലോക്ക് പഞ്ചായത്തുകളുടെ പരിഭവങ്ങൾക്കും പരാതികൾക്കും ചർച്ചയിലൂടെ പരിഹാരം കാണും. ബ്ലോക്ക് പഞ്ചായത്തുകളുടെ നിലവിലുള്ള അധികാരങ്ങൾ നിലനിർത്തി മുന്നോട്ടു പോകുന്നതിനു ആവശ്യമായ നടപടി സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ആർ.സുഭാഷ് അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി സി.സത്യപാലൻ, അനിൽ അക്കര എം.എൽ.എ, കില ഡയറക്ടർ ഡോ.പി.പി.ബാലൻ എന്നിവർ സംസാരിച്ചു. പതിമൂന്നാം പഞ്ചവത്സര പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തുകളുടെ പങ്കും പങ്കാളിത്തവും ശിൽപ്പശാല ചർച്ച ചെയ്തു. ജനാധിപത്യ നേതൃത്വശൈലി, ബ്ലോക്ക് പഞ്ചായത്തുകളുടെ അധികാരങ്ങൾ തുടങ്ങിയ വിഷയങ്ങളെക്കുറിച്ചു ഡോ.സാബുവർഗീസ്, സി.രാധാകൃഷ്ണൻ, പി.വി.രാമകൃഷ്ണൻ എന്നിവർ ക്ലാസ്സെടുത്തു



പുതുതായി നിയമനം ലഭിച്ച ഗവർമ്മെണ്ട് ഹൈസ്കൂൾ പ്രഥമാധ്യാപകർക്കു കിലയിൽ സംഘടിപ്പിച്ച ദ്വിദിന പരിശീലനപരിപാടിയിൽ പങ്കെടുത്തു മന്ത്രി വി.എസ്.സുനിൽകുമാർ സംസാരിക്കുന്നു

## മികവിന്റെ കേന്ദ്രങ്ങളാക്കാൻ ഏകോപനം വേണം: മന്ത്രി സുനിൽകുമാർ

**പൊ**തുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കാൻ പല വിധത്തിലുള്ള ഏകോപനം ആവശ്യമാണെന്നു കൃഷിവകുപ്പുമന്ത്രി വി.എസ്.സുനിൽകുമാർ പറഞ്ഞു. പുതുതായി നിയമനം ലഭിച്ച ഗവർമ്മെണ്ട് ഹൈസ്കൂൾ പ്രഥമാധ്യാപകർക്കു സീമാറ്റ് കിലയിൽ സംഘടിപ്പിച്ച ദ്വിദിന പരിശീലനപരിപാടിയിൽ പങ്കെടുത്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.വിദ്യാഭ്യാസത്തെ എങ്ങനെ അന്താരാഷ്ട്രനിലവാരത്തിലേക്കെത്തിക്കുമെന്ന സംശയം തന്നെ അസ്ഥാനത്താണ്. സമീപനത്തിൽ തന്നെ ഗൗരവമായ മാറ്റം വേണം. പരിമിധികളെ മറികടക്കാനുള്ള നിശ്ചയദാർഢ്യവും വേണം.വാണിജ്യതാൽപര്യങ്ങൾക്കല്ല സാമൂഹ്യ പ്രതിബദ്ധതക്കാണ് മുൻഗണന നൽകേണ്ടത്. സമൂഹത്തോടുള്ള ഉത്തരവാദിത്വം നിറവേററാൻ അധ്യാപകർ തയ്യാറാകണമെന്നും മന്ത്രി നിർദ്ദേശിച്ചു.

സീമാറ്റ് ഡയറക്ടർ ഡോ.പി.എ.ഫാത്തിമ, കൺസൽട്ടന്റ് ഡോ.എം.ജി. രമാദേവി, കില ഡയറക്ടർ ഡോ.പി.പി. ബാലൻ തുടങ്ങിയവർ സംബന്ധിച്ചു. വിദ്യാഭ്യാസനിയമം,ഓഫീസ് മാനേജ്മെന്റ്, കുട്ടികളുടെ അവകാശങ്ങൾ, ഫിനാൻസ് മാനേജ്മെന്റ്, കേരള സർവീസ് റൂൾ, വിദ്യാലയം മികവിന്റെ കേന്ദ്രം തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം.

## ബാലസൗഹൃദഭരണം: കിലയിൽ ജനപ്രതിനിധികൾക്കു പി.ജി.ഡിപ്ലോമ കോഴ്സ്

**ഗ്രാമപഞ്ചായത്തുകളിലേയും നഗരസഭ-കോർപ്പറേഷനുകളിലേയും ജനപ്രതിനിധികൾക്കാണ് കോഴ്സിൽ പങ്കെടുക്കാനർഹത.അംഗീകൃത സർവകലാശാലയിൽനിന്നുള്ള ബിരുദവും കമ്പ്യൂട്ടർ പരിജ്ഞാനവുമാണ് കുറഞ്ഞ യോഗ്യത**

**ബാ**ലസൗഹൃദഭരണത്തെക്കുറിച്ച് (ചൈൽഡ് ഗവേണൻസ്) ജനപ്രതിനിധികൾക്കു ഒരുവർഷത്തെ പി.ജി.ഡിപ്ലോമ കോഴ്സ് തുടങ്ങുന്നതിനു കില തീരുമാനിച്ചു.നവംബറിൽ ആരംഭിക്കുന്ന കോഴ്സിൽ ആദ്യവർഷം 35 പേർക്കായിരിക്കും പ്രവേശനം. കുട്ടികൾക്കുവേണ്ടി പ്രവർത്തിക്കുന്ന യു.എൻ. സംഘടനയായ യൂണിസെഫിന്റെ അക്കാദമിക് സഹായത്തോടെയാണ് കോഴ്സ് ആരംഭിക്കുക. ജനപ്രതിനിധികളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കു തടസ്സം വരാത്ത രീതിയിലാണ് കോഴ്സ് ക്രമീകരിച്ചിട്ടുള്ളതെന്നു കില ഡയറക്ടർ ഡോ.പി.പി.ബാലൻ അറിയിച്ചു. തദ്ദേശഭരണസ്ഥാപനത്തിന്റെ ഭരണവികസനപ്രവർത്തനങ്ങളെ ബാലസൗഹൃദമാക്കുകയെന്നതാണ് കോഴ്സിന്റെ ലക്ഷ്യം. അതുകൊണ്ടുതന്നെ പഠിതാക്കൾ അതതു തദ്ദേശഭരണസ്ഥാപനങ്ങളിൽ ഗ്രാമതല/നഗരതല പ്രവർത്തനത്തിനു ബാദ്ധ്യസ്ഥരുമാണ്.

ഗ്രാമപഞ്ചായത്തുകളിലേയും നഗരസഭ-കോർപ്പറേഷനുകളിലേയും ജനപ്രതിനിധികൾക്കാണ് കോഴ്സിൽ പങ്കെടുക്കാനർഹത.അംഗീകൃത സർവകലാശാലയിൽനിന്നുള്ള ബിരുദവും കമ്പ്യൂട്ടർ പരിജ്ഞാനവുമാണ് കുറഞ്ഞ യോഗ്യത.ബാലാവകാശം,അന്തർദേശീയ-ദേശീയ സംരക്ഷണനിയമങ്ങൾ, ബാലസൗഹൃദഭരണം, ബാലസൗഹൃദ പ്രാദേശിക ആസൂത്രണം തുടങ്ങിയ വിഷയങ്ങൾ കോഴ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഓരോ മാസവും രണ്ടാംവാരത്തിൽ നാലുദിവസം കിലയിൽ താമസിച്ചുകൊണ്ടുള്ള പഠനവും ബാക്കി ദിവസങ്ങളിൽ പ്രായോഗിക പഠനപ്രവർത്തനങ്ങളും ഉൾക്കൊള്ളുന്നതാണ് പാഠ്യപദ്ധതി. ഒരു പഠനാർത്ഥിയുടെ കോഴ്സ് ഫീസ് 55,000/-രൂപയാണ്. ഇതിൽ 50,000/-രൂപ കില ഫെലോഷിപ്പായി പരിഗണിക്കും.5,000/- രൂപ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത്-നഗരസഭകൾ വഹിക്കണം. കോഴ്സിനു തെരഞ്ഞെടുക്കപ്പെട്ടവർ പഞ്ചായത്ത് വിഹിതമായ 5,000/- രൂപ നൽകിയാൽ മാത്രമേ പ്രവേശനം നൽകുകയുള്ളൂ.അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ 31. കൂടുതൽ വിവരങ്ങൾക്കും അപേക്ഷാഫോറത്തിനും കില വെബ്സൈറ്റ് (www.kilaonline.org) സന്ദർശിക്കുക.



ബംഗ്ലാദേശിലെ തദ്ദേശഭരണ-സഹകരണവകുപ്പുമന്ത്രി മുഷറഫ് ഹുസൈനുമായി
കില ഡയറക്ടർ ഡോക്ടർ പി.പി.ബാലൻ ധാക്കയിൽ ചർച്ച നടത്തുന്നു

# അധികാരവികേന്ദ്രീകരണം: കേരളം മാതൃകയാക്കാൻ ബംഗ്ല ാദേശ് തയ്യാറെടുക്കുന്നു

**കേ**രളത്തിലെ അധികാരവികേന്ദ്രീകരണം മാതൃകയാക്കാൻ ബംഗ്ലാദേശ് തയ്യാറെടുക്കുന്നു. ബംഗ്ലാദേശിലെ തദ്ദേശഭരണ-സഹകരണവകുപ്പുമന്ത്രി മുഷറഫ് ഹുസൈനുമായി കില ഡയറക്ടർ ഡോക്ടർ പി.പി.ബാലൻ ധാക്കയിൽ ഇതുസംബന്ധിച്ച് ചർച്ച നടത്തി. തദ്ദേശഭരണവകുപ്പു സെക്രട്ടറി അബ്ദുൾ മാലിക്ക്, ചീഫ് എഞ്ചിനിയർ പുരോഹിത് മറ്റ് മുതിർന്ന ഉദ്യോഗസ്ഥർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

ബംഗ്ലാദേശിൽനിന്നുള്ള ജനപ്രതിനിധികളും ഉദ്യോഗസ്ഥന്മാരുമുൾപ്പെടെ 300 പേർക്ക് കില ഇതിനകം പരിശീലനം നൽകിക്കഴിഞ്ഞു. പരിശീലനവുമായി ബന്ധപ്പെട്ട ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമായി വിവിധ ഘട്ടങ്ങളിൽ ശിൽപ്പശാലകളും സംഘടിപ്പിച്ചിരുന്നു. ശിൽപ്പശാലകളിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങൾ കൂടി പരിഗണിച്ചശേഷമാണ് തുടർപ്രവർത്തനങ്ങൾക്കുള്ള രൂപരേഖ തയ്യാറാക്കുക.




കിലയിൽ പരിശീലനത്തിനെത്തിയ ബംഗ്ലാദേശിൽനിന്നുള്ള ജനപ്രതിനിധികളും ഉദ്യോഗസ്ഥരും തിരുവനന്തപുരത്ത്
സംസ്ഥാന ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദ്, കില ഡയറക്ടർ എന്നിവരുമായി ചർച്ച നടത്തുന്നു



ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷന്റെ ശിൽപ്പശാലയിൽ പങ്കെടുത്ത ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ

## കാൻസർ ബാധിതരേയും നിരാലംബരേയും സഹായിക്കാൻ കില മുൻകൈ എടുക്കുന്നു

**കാ**ൻസർ ബാധിതരേയും നിരാലംബരായ അവരുടെ കുടുംബങ്ങളേയും ശാക്തീകരിക്കുന്നതിനു കില മുൻകൈ എടുക്കുന്നു. സ്വയം സഹായ സഹകരണ സംഘങ്ങൾ രൂപീകരിച്ച് സ്വയം തൊഴിൽ കണ്ടെത്തുന്നതിനു അവരെ പ്രാപ്തരാക്കുകയാണ് ലക്ഷ്യം.സ്വയം ശാക്തീകരണത്തിനോടൊപ്പം സമാനപ്രശ്ങ്ങൾ അനുഭവിക്കുന്ന മറ്റു സ്ത്രീകളുടെ കൂടി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു പര്യാപ്തമായ രീതിയിൽ വരുമാനദായക പ്രവർത്തനങ്ങളിൽ എങ്ങനെ ഏർപ്പെടാം,എങ്ങനെ നേതൃത്വവാഹകരാകാം എന്നതു കൂടി ലക്ഷ്യമാണ്. കണ്ണൂർ ജില്ലയിലെ ചുഴലി കേന്ദ്രമായി പ്രവർത്തിക്കുന്ന ആർട് കാൻസർ കെയറിന്റെ സഹകരണത്തോടെ ഇവർക്കു സാന്ത്വനപരിചരണ മാനേജ്മെന്റിൽ പരിശീലനം നൽകുകയാണ് ആദ്യപടി. കാൻസർ ബാധിതരും അവരുടെ കുടുംബാംഗങ്ങളുമായ പതിനുറുസ്ത്രീകൾ രണ്ടുദിവസത്തെ പരിശീലന പരിപാടിയിൽ പങ്കെടുത്തു. കില ഡയറക്ടർ ഡോ.പി.പി. ബാലൻ ഉദ്ഘാടനം ചെയ്തു. ഡോ. പീറ്റർ എം.രാജ്, എം.ജി.കാളിദാസൻ, കോർഡിനേററർ ഭാസ്കരൻ പള്ളിക്കര എന്നിവർ സംസാരിച്ചു.

പ്രശസ്ത ആർടിസ്ററ് എബി എൻ.ജോസഫ് ചെയർമാനായുള്ള ആർട് കാൻസർ കെയറിന്റെ നേതൃത്വത്തിൽ ഇപ്പോൾ വസ്ത്രനിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. വസ്ത്രങ്ങൾക്കു പുറമെ ടേബിൾ മാറ്റ്, കാരിബാഗ് എന്നിവയാണ് ഇവിടെ നിർമ്മിച്ചുവരുന്നത്. ഖാദി വില്ലേജ് ഇൻഡസ്ട്രീസ്, വിവിധ കൈത്തറി സഹകരണസംഘങ്ങൾ എന്നിവയുടെ സഹകരണത്തോടെയാണ് ഈ യൂണിറ്റ് പ്രവർത്തിച്ചുവരുന്നത്. ചുഴലിക്കു പുറമെ സുൽത്താൻബത്തേരിയിയും ബാംഗ്ളൂരും ഇതിനു ശാഖകളുണ്ട്. മൈക്രോ തൊഴിൽ സംരഭങ്ങളെക്കുറിച്ച് കുടുംബശ്രീ അസി.മിഷൻ കോർഡിനേറ്റർ വിനീതയും സംരഭകശേഷി വികസനത്തെക്കുറിച്ച് രാജൻ ടി. നായരും ക്ലാസ്സെടുത്തു.

## പ്ലാസ്റ്റിക്ക് ക്യാരിബാഗുകളുടെ ഉപയോഗം: മാർഗ്ഗരേഖ പുറപ്പെടുവിച്ചു

**പ്ലാ**സ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ലെ നിർദ്ദേശാനുസരണം പ്ലാസ്റ്റ്ക്ക് ക്യാരിബാഗുകളുടെ ഉപയോഗം സംബന്ധിച്ച് മാർഗ്ഗരേഖ പുറപ്പെടുവിച്ചു.

- 50 മൈക്രോണിൽ കുറയാത്ത പ്ലാസ്ററിക്ക് ക്യാരിബാഗുകളിൽ മാത്രമേ സാധനങ്ങൾ വിൽപ്പന നടത്താൻ പാടുള്ളൂ,
- പ്ലാസ്റ്റിക്ക് ക്യാരിബാഗുകളിൽ വിതരണം ചെയ്യുന്ന വ്യാപാരികളും തെരുവു കച്ചവടക്കാരും അതതു തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കണം.
- ഒരു മാസം കുറഞ്ഞത് 4,000/-(നാലായിരം) രൂപ നിരക്കിൽ ഒരു വർഷത്തേക്കു 48,000/-(നാൽപ്പത്തെണ്ണായിരം) രൂപ പ്ലാസ്റ്റിക്ക് മാലിന്യപരിപാലന ഫീസായി ഈടാക്കി മേൽപ്രകാരം രജിസ്റ്റർ ചെയ്യുന്നതുസംബന്ധിച്ച് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ അടിയന്തിരമായി വിജ്ഞാപനം/ഉത്തരവ് പുറപ്പെടുവിക്കണം.
- പ്ലാസ്റ്റിക്ക് ക്യാരിബാഗുകളുടെ ഉപയോഗത്തിന്റെ തോതനുസരിച്ച് കൂടുതൽ തുക പ്ലാസ്റ്റിക്ക് മാലിന്യപരിപാലനഫീസായി വ്യാപാരികളിൽനിന്നു തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കു ഈടാക്കാവുന്നതാണ്.
- പ്ലാസ്റ്റിക്ക ക്യാരിബാഗുകളുടെ വില ഈടാക്കുന്നതാണ് എന്ന വിവരം വ്യക്തമായ രീതികളിൽ കച്ചവടസ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കണം.
- പ്ലാസ്റ്റിക്ക് മാലിന്യപരിപാലന ഇനത്തിൽ ലഭ്യമാകുന്ന തുക അതതു തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ അവരുടെ അധികാരപരിധിയിൽ സുസ്ഥിര മാലിന്യപരിപാലന സംവിധാനങ്ങൾ വഴി ഉപയോഗപ്പെടുത്തേണ്ടതാണ്.

24.9.2016 ലെ 576/ഡി.സി.1/2016 തസ്വഭവ നമ്പർ സർക്കുലർ പ്രകാരമാണ് ഇത്തരത്തിലുള്ള മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളത്.

## സംസ്ഥാതല റിസോഴ്സ് ഗ്രൂപ്പ് പുനസ്സംഘടിപ്പിച്ചു

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ അവലോകന നിർവഹണ പ്രവർത്തനങ്ങൾക്കു സംഘടനാപരവും സഹായകരവുമായ പിന്തുണാസംവിധാനം ഏർപ്പെടുത്തുന്നതിനു വിവിധ വികസനവകുപ്പുകളിലെ ഉദ്യോഗസ്ഥരേയും ഇതര വിദഗ്ദ്ധരേയും ഉൾപ്പെടുത്തി സംസ്ഥാനതല റിസോഴ്സ്ഗ്രൂപ്പ് പുനസ്സംഘടിപ്പിച്ച് സർക്കാർ ഉത്തരവായി. പ്ലാനിംഗ് ബോർഡ് അംഗം ഡോ. കെ.എൻ.ഹരിലാലാണ് ചെയർമാൻ. കില ഡയറക്ടർ ഡോ.പി.പി.ബാലൻ വൈസ് ചെയർമാനും തിരുവനന്തപുരം ജില്ലാപ്ലാനിംഗ് ഓഫീസർ വി.എസ്.ബിജു കൺവീനറുമാണ്. താഴെ പറയുന്നവരാണ് മറ്റ് അംഗങ്ങൾ.


എസ്.ആർ സനിൽകുമാർ(ഡെപ്യൂട്ടി ഡയറക്ടർ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്), ഈപ്പൻ ഫ്രാൻസിസ്(അഡി.ഡയറക്ടർ പഞ്ചായത്ത് വകുപ്പ്), സി.രാധാകൃഷ്ണക്കുറുപ്പ്( ജോ.ഡയറക്ടർ നഗരകാര്യവകുപ്പ്), വി.എസ്.സന്തോഷ്കുമാർ((അസി.ഡെവലപ്പമെന്റ് കമ്മീഷ്ണർ),പി.എസ്. ഷാജി(ജോ.ഡയറക്ടർ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്),എൻ.പി.ചിത്തർ(ഡയറക്ടർ,ശുചിത്വമിഷൻ), ബിനു ഫ്രാൻസിസ്(പ്രോഗ്രാം കോർഡിനേറ്റർ, കുടുംബശ്രീ), ബാലചന്ദ്രൻ നായർ(ഡെ.ഡെവലപ്പ്മെന്റ് കമ്മീഷ്ണർ), ജെ.എ.അനിൽകുമാർ(ഡെ.ഡെവലപ്പ്മെന്റ് കമ്മീഷ്ണർ പി.എ.യു),ഡോ.സണ്ണി ജോർജ് (അസി.പ്രൊഫ.കില), ഡോ.ജെ.ബി.രാജൻ (അസി.പ്രൊഫ.കില),ഡോ.പീറ്റർ എം.രാജ്(അസി.പ്രൊഫ.കില),ഷാജി ജോസഫ്(ചീഫ് ടൗൺ പ്ലാനർ), കെ.ബി.മദനമോഹൻ,അഡ്വ.സിന്ധു(പ്രസിഡന്റ് മാറഞ്ചേരി ഗ്രാമപഞ്ചായത്ത്),ടി.വി.ലക്ഷ്മി( പ്രസിഡന്റ് ചെമ്പിലോട് ഗ്രാമപഞ്ചായത്ത്), ബി.അജയകുമാർ (പെർഫോർമൻസ് ഓഡിറ്റ് സൂപ്പർവൈസർ), വൈ.കല്യാണകൃഷ്ണൻ ( എസ്.സി.ഡെവലപ്മെന്റ് ഓഫീസ്, കുഴൽമന്ദം.)

ഹോണറേറിയം വ്യവസ്ഥയിൽ നിയമിച്ചവർ:

എസ്.ജമാൽ(റിട്ട. ജോ.ഡയറക്ടർ, സഹകരണം), പി.എസ്.രവീന്ദ്രൻ(റിട്ട.കൃഷി ഓഫീസർ),കെ.അർജുനൻ( റിട്ട.ഡെപ്യൂട്ടി ഡയറക്ടർ,പഞ്ചായത്ത്),എം.വിശ്വനാഥൻ( റിട്ട.ഡെപ്യൂട്ടി കളക്ടറ്റർ,കൊല്ലം), കെ.എം,എബ്രഹാം( റിട്ട.പഞ്ചായത്ത് അസി.സെക്രട്ടറി),ടി.സുരേഷ് ബാബു( റിട്ട.ജോ.ഡയറക്ടർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്), ജി.സദനരാജൻ( റിട്ട.സ്റ്റാറ്റജിസ്റ്റിക്കൽ ഓഫീസർ)




സംസ്ഥാനത്തു തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ യോഗനടപടികൾ പൂർണമായും ഡിജിറ്റലൈസ് ചെയ്യുന്ന ആദ്യ ജില്ലയായി കാസർകോടിനെ പ്രഖ്യാപിക്കുന്ന ചടങ്ങിൽ റവന്യുവകുപ്പുമന്ത്രി ഇ.ചന്ദ്രശേഖരൻ പ്രസംഗിക്കുന്നു




# കാസർകോട് സമ്പൂർണ്ണ സകർമ്മ ജില്ല;
## യോഗനടപടികൾ ഡിജിറ്റലൈസ് ചെയ്യുന്നു

**സംസ്ഥാനത്തു തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ യോഗനടപടികൾ പൂർണമായും ഡിജിറ്റലൈസ് ചെയ്യുന്ന ആദ്യ ജില്ല എന്ന ബഹുമതിക്കു കാസർകോട് അർഹത നേടി. മുഴുവൻ പഞ്ചായത്തുകളുടെയും അക്കൗണ്ടുകളും ഡിജിറ്റൽ സംവിധാനത്തിലാക്കിയ ജില്ല എന്ന നേട്ടവും നേരത്തെ കാസർകോട് സ്വന്തമാക്കിയിരുന്നു.**

സംസ്ഥാനത്തു തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ യോഗനടപടികൾ പൂർണമായും ഡിജിറ്റലൈസ് ചെയ്യുന്ന ആദ്യ ജില്ല എന്ന ബഹുമതിക്കു കാസർകോട് അർഹത നേടി. കാസർകോട് മുനിസിപ്പൽ ടൗൺഹാളിൽ നടന്ന ചടങ്ങിൽ സംസ്ഥാന റവന്യുവകുപ്പുമന്ത്രി ഇ.ചന്ദ്രശേഖരനാണ് ഇതുസംബന്ധിച്ച പ്രഖ്യാപനം നടത്തിയത്.ചെയർമാൻസ് ചെമ്പർ അദ്ധ്യക്ഷൻ വി.വി.രമേശൻ പ്രഖ്യാപനച്ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കില കോഴ്സ് ഡയറ്കടർ ഡോ.ജെ.ബി.രാജൻ മുഖ്യപ്രഭാഷണം നടത്തി. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറ്കടർ എം.സ്. നാരായണൻ നമ്പൂതിരി, പഞ്ചായത്ത് അസി.ഡയറക്ടർ പി.മുഹമ്മദ് നിസാർ, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജില്ലാപ്രസിഡന്റ് എ.എ ജലീൽ, കാസർകോട് ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശാന്തമ്മ ഫിലിപ്പ്, കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത അദ്ധ്യക്ഷ എം.ഗൗരി, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജില്ലാസെക്രട്ടറി രാജു കട്ടക്കയം, കാഞ്ഞങ്ങാട് നഗരസഭ സെക്രട്ടറി സനൽകുമാർ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ ഇ.വി.സുഗതൻ എന്നിവർ സംസാരിച്ചു.

കിലയുടെ ആഭിമുഖ്യത്തിലാണ് ജില്ലയിലെ മുഴുവൻ തദ്ദേശസ്ഥാപനങ്ങളിലും ഇനി യോഗനടപടിക്കുറിപ്പുകൾ തൽസമയം കമ്പ്യൂട്ടർ വഴി രേഖപ്പെടുത്തുന്ന പദ്ധതി ആരംഭിച്ചത്.സകർമ്മ സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.ജില്ലയിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും ബ്ലോക്ക് പഞ്ചായത്തുകളിലും നഗരസഭകളിലും സകർമ്മ സോഫ്റ്റ് വെയർ മുഖാന്തിരം അജണ്ട തീരുമാനിക്കുന്നതു മുതൽ യോഗനടപടികൾ വരെയുള്ള കാര്യങ്ങൾ ചെയ്തുതുടങ്ങി.

യോഗനടപടിക്കുറിപ്പുകൾ തൽസമയം കമ്പ്യൂട്ടർ വഴി രേഖപ്പെടുത്തുന്ന പദ്ധതിയുടെ ആദ്യപടിയായി പഞ്ചായത്ത് പ്രസിഡന്റ്, നഗരസഭ ചെയർപേഴ്സൺ, അംഗങ്ങൾ, ഉദ്യോഗസ്ഥർ ഘടകസ്ഥാപനമേധാവികൾ എന്നിവർക്കു ലോഗിൻ നൽകും. തുടർന്നു ഉദ്യോഗസ്ഥരും അംഗങ്ങളും ചർച്ച ചെയ്യാനുള്ള വിഷയങ്ങൾ തങ്ങളുടെ മൊബൈൽ ഫോണിലൂടേയോ കമ്പ്യൂട്ടറിലൂടേയോ സോഫ്റ്റ് വെയർ വഴി എത്തിക്കും. സെക്രട്ടറി അവ ഓൺലൈനായി പരിശോധിച്ച് അജണ്ട കുറിപ്പുസഹിതം പ്രസിഡന്റിനു നൽകും. പ്രസിഡന്റ് ഇതു അവലോകനം ചെയ്തു യോഗതീയതി നിശ്ചയിക്കും. യോഗ അറിയിപ്പും മുഴുവൻ അജണ്ട കുറിപ്പും എല്ലാ അംഗങ്ങൾക്കും നൽകും. ഓരോരുത്തർക്കും അവരുടെ ലോഗിനിൽ കയറിയാൽ ഇതു കാണാൻ കഴിയും. ഈ സോഫ്റ്റ് വെയറിലൂടെതന്നെ യോഗസ്ഥലത്തുവച്ചു തീരുമാനങ്ങൾ രേഖപ്പെടുത്തുകയും എല്ലാ അംഗങ്ങൾക്കും അതു തങ്ങളുടെ മൊബൈലിലൂടെ കാണാനും കഴിയും. തുടർന്നു പൊതുജനങ്ങൾക്കും പഞ്ചായത്തിന്റെ എല്ലാ യോഗതീരുമാനങ്ങളും വിരൽതുമ്പിൽ ലഭ്യമാകും.

കലക്ടറേറ്റ്, അജാനൂർ പഞ്ചായത്ത് ഹാൾ എന്നിവിടങ്ങളിൽ നടന്ന പരിശീലനത്തിനു പഞ്ചായത്ത് അസി.ഡയറക്ടർ പി.മുഹമ്മദ് നിസാർ, സി.ശ്യാമള, കോഴ്സ് കോർഡിനേറ്റർ അലക്സാണ്ടർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരായ എം.ഗംഗാധരൻ നായർ, എം.കണ്ണൻ നായർ, ബി.എൻ.സുരേഷ്, സി.ജയൻ, പരിശീലകരായ എസ്.എൻ.പ്രമോദ്, ജയപ്രകാശ്, മൻഷിദ എന്നിവർ നേതൃത്വം നൽകി.

## ചോദ്യങ്ങൾക്കു മറുപടി

? ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള പ്രൈമറി ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനസമയം ഏതാണ്?

● രാവിലെ ഒമ്പതുമണി മുതൽ ഉച്ചയ്ക്കു ഒരുമണി വരെയും ഉച്ചയ്ക്കുശേഷം രണ്ടുമുതൽ മൂന്നുമണിവരെയുമാണ് പ്രവർത്തനസമയം.(സ.ഉ.(എം.എസ്)413/2007/എച്ച് ആന്റ് എഫ്. ഡബ്ലിയു.ഡി) 1.10.2007 ലെ ഉത്തരവു കാണുക)

? പഞ്ചായത്തിന്റെ യോഗം നടന്നുകൊണ്ടിരിക്കുമ്പോൾ ഇടയ്ക്കുവച്ച് യോഗം പിരിച്ചുവിടാൻ പ്രസിഡന്റിനു അധികാരമുണ്ടോ?

● യോഗം നടന്നുകകൊണ്ടിരിക്കുമ്പോൾ യോഗം നിയന്ത്രിക്കാനാവാത്തവിധം സംഘർഷഭരിതമാണെങ്കിൽ യോഗം നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യമുണ്ടാകുകയാണെങ്കിൽ അതു നിർത്തിവയ്ക്കാനോ പിരിച്ചുവിടാനോ പ്രസിഡന്റിനു അധികാരമുണ്ട്. 1995 ലെ യോഗനടപടി ചട്ടങ്ങൾ സെക്ഷൻ 9 (2) കാണുക.

? ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കു ആനുകൂല്യങ്ങൾ നൽകുമ്പോൾ കുടുംബവരുമാനപരിധി നോക്കേണ്ടതുണ്ടോ?

● ഇല്ല. ശാരീരിക-മാനസികവെല്ലുവിളികൾ നേരിടുന്നവർക്കുള്ള ആനുകൂല്യത്തിനു വരുമാനപരിധി ബാധകമല്ല.(പദ്ധതി മാർഗ്ഗരേഖ സ.ഉ.(എം.എസ്)4/2016 തസ്വഭവ. തീയതി11.1.2016 അനുബന്ധം 15 സെക്ഷൻ 5.1.)

? 2016 മാർച്ച് മാസത്തിൽ നടന്ന ഒരു വിവാഹത്തിനു പട്ടികജാതി വിവാഹധനസഹായം എന്ന പദ്ധതിയിൽ പെടുത്തി ഇപ്പോൾ ധനസഹായം നൽകാമോ?സാമ്പത്തികവർഷം കഴിഞ്ഞുപോയതിനാൽ തടസ്സമുണ്ടോ?

● പട്ടികജാതി വിഭാഗങ്ങൾക്കുള്ള ധനസഹായത്തിനുള്ള അപേക്ഷ ഒരുവർഷം വരെ സ്വീകരിക്കാൻ അനുവദിച്ചിട്ടുണ്ട്. ആയതിനാൽ ഇപ്പോൾ ധനസഹായം നൽകുന്നതിനു തടസ്സമില്ല.(സ.ഉ.(സാധ) 2037/2016 തസ്വഭവ.തീയത.30.6.2016)

? ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള പ്രൈമറി ഹെൽത്ത് സെന്ററിലെ അളവുതൂക്ക ഉപകരണങ്ങൾ യഥാസമയം സീൽ ചെയ്തില്ല. ഇപ്പോൾ സീൽ ചെയ്യുന്നതിനു പിഴ ഒടുക്കണമെന്നു പറയുന്നു. ഈ തുകകൾ എവിടെനിന്നു കണ്ടെത്തും?

● തദ്ദേശസ്ഥാപനത്തിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ ഓഫീസ് ചെലവുകൾക്കു ഗ്രാമപ്ഞ്ചായത്തിന്റെ ഫണ്ടിൽനിന്നു തുക ചെലവഴിക്കാം. എന്നാൽ യഥാസമയം ചെയ്യാത്തതിന്റെ പിഴ ഒടുക്കാനുള്ള തുക വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനിൽനിന്നു ഈടാക്കാവുന്നതാണ്.

? ആശുപത്രി മാനേജിംഗ് കമ്മിറ്റി രൂപീകരണം ആരുടെ ചുമതലയിലാണ്?

## ചോദ്യങ്ങൾക്ക് മറുപടി

**പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക.**
**കില ഹെൽപ്ഡെസ്ക്.**
**ഫോൺ നമ്പർ-0487 2204097**

● ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കുന്ന ചുമതല ആരോഗ്യ-വിദ്യാഭ്യാസസ്റ്റാൻഡിംഗ് കമ്മിറ്റിയുടേതാണ്.(2010 ലെ കേരള പഞ്ചായത്ത് രാജ് പൊതുജനാരോഗ്യസ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങൾ കാണുക)

? കർഷകതൊഴിലാളി പെൻഷൻ വരുമാനപരിധി ഉയർത്തിയതായി അറിഞ്ഞു. അതിന്റെ ഉത്തരവ് നമ്പർ തരാമോ?

● 1998 ലെ കേരള കർഷകതൊഴിലാളി പെൻഷൻ പദ്ധതിയിലെ പുതുക്കിയ ചട്ടപ്രകാരം അപേക്ഷകന്റെ കുടുംബവാർഷികവരുമാനം ഒരു ലക്ഷം രൂപയിൽ കവിയാൻ പാടില്ല എന്നു വ്യവസ്ഥ ചെയ്യുന്നു.(സ.ഉ.(എം.എസ്)99/2016.തൊഴിൽ.തീയതി.23.6.2016)

? സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായത്തിനു അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലതാമസം മാപ്പാക്കുന്നതിനു ആർക്കാണ് അപേക്ഷിക്കേണ്ടത്.

● വിവാഹധനസഹായത്തിനുള്ള അപേക്ഷകളിന്മേലുള്ള കാലതാമസം മാപ്പാക്കുന്നതിനു നേരത്തെ ജില്ലാകലക്ർമാർക്കുണ്ടായിരുന്ന അധികാരം ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്കു നൽകിയിട്ടുണ്ട്.(സ.ഉ.(എം.എസ്)41/16 സാ.നീ.വ. തീയതി.5.8.2016)

? പഞ്ചായത്തിൽനിന്നു നൽകുന്ന ആനുകൂല്യങ്ങൾക്കുള്ള വരുമാനപരിധി ഉയർത്തിയതായി പറയുന്നു. എത്രയാണ്.ആയതിന്റെ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ?

● തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നൽകിവരുന്ന ആനുകൂല്യങ്ങൾക്കുള്ള വരുമാനപരിധി ഭവനനിർമ്മാണസഹായത്തിനൊഴികെ മറ്റെല്ലാത്തിനും ഉയർത്തിയിട്ടുണ്ട്. ജനറൽ വിഭാഗം ഗുണഭോക്താക്കൾക്കു വാർഷികകുടുംബവരുമാനം ഒരു ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിനു 1.50 ലക്ഷം രൂപയുമായാണ് ഉയർത്തിയിട്ടുള്ളത്. പട്ടികവർഗ്ഗവിഭാഗത്തിനു വരുമാനപരിധി ബാധകമല്ല. എന്നാൽ ഭവനനിർമ്മാണധനസഹായത്തിനുള്ള പരിധി 50,000/- രൂപയായിതന്നെ തുടരും. പട്ടികജാതി വിഭാഗം ഗുണഭോക്താക്കൾക്കു വിദ്യാഭ്യാസ ആനുകൂല്യവും നൽകുന്നതിനു വരുമാനപരിധി ബാധകമല്ല.(സ.ഉ.(സാധാ)2464/2016.തസ്വഭവ.തീയതി.17.8.2016)



ബംഗ്ലാദേശിൽനിന്നുള്ള ജനപ്രതിനിധികളും ഉദ്യോഗസ്ഥരും അളഗപ്പനഗർ ഗ്രാമപഞ്ചായത്ത് സന്ദർശിച്ചപ്പോൾ



പ്രാദേശികഭരണസംവിധാനത്തെക്കുറിച്ച് ഇരിങ്ങാലക്കുട രൂപതയിലെ
വൈദികർക്ക് കിലയിൽ സംഘടിപ്പിച്ച പരിശീലനപരിപാടി

# പ്രാദേശികഭരണത്തെക്കുറിച്ച് വൈദികർക്കു പരിശീലനം

**സാ**മൂഹിക വികസനപരിപടികളിൽ പ്രധാന പങ്കുവഹിക്കുന്ന വൈദികർക്ക് പ്രാദേശിക ഭരണകൂടങ്ങളുടെ പ്രവർത്തനങ്ങളെ ഫലപ്രദമായി സഹായിക്കാൻ സാധിക്കുമെന്ന് കില ഡയറക്ടർ ഡോ.പി.പി.ബാലൻ അഭിപ്രായപ്പെട്ടു. കേരളത്തിലെ പ്രാദേശികഭരണസംവിധാനത്തെക്കുറിച്ച് ഇരിങ്ങാലക്കുട രൂപതയിലെ വൈദികർക്ക് കിലയിൽ സംഘടിപ്പിച്ച പരിശീലനപരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

എല്ലാവരേയും ഉൾക്കൊള്ളിക്കുകയും വികസനത്തിന്റെ നേട്ടങ്ങൾ ലഭ്യമാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് പ്രാദേശികഭരണകൂടങ്ങൾ പ്രവർത്തിക്കുന്നത്. എല്ലാ വിഭാഗം ജനങ്ങളുടേയും സാന്നിധ്യം പങ്കാളിത്ത ജനാധിപത്യവേദികളിൽ ഉറപ്പു വരുത്തുന്നതിന് ഇത്തരം സാമൂഹ്യസേവന സംഘടനകൾക്ക് സാധിക്കുന്നതാണ്. പ്രാദേശികഭരണകൂടത്തിന്റെ സേവനങ്ങൾ സമൂഹത്തിലെ താഴെത്തട്ടിൽ കഴിയുന്നവരിലേക്ക് എത്തിക്കുന്നതിലും പങ്ക് വഹിക്കാൻ സാധിക്കുന്നതാണ്.

പ്രാദേശികഭരണസംവിധാനവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ പി.കെ.ജയദേവൻ, പി.വി.രാമകൃഷ്ണൻ, ഭാസ്ക്കരൻ പള്ളിക്കര എന്നിവർ ക്ലാസ്സെടുത്തു.

ഇരിങ്ങാലക്കുട രൂപത ബിഷപ്പ് പൗളി കണ്ണൂക്കാടൻ ആമുഖപ്രഭാഷണം നടത്തി. ഫാ.ജോയി പാലിയേക്കര, കില അസോസിയേറ്റ് പ്രൊഫസ്സർ, ഡാ.പീറ്റർ.എം.രാജ് എന്നിവർ സംസാരിച്ചു.

# കേരള തീരദേശപരിപാലന അതോരിറ്റി

**കേ**രള തീരദേശപരിപാലന അതോരിറ്റി രൂപീകരിച്ചുകൊണ്ട് കേന്ദ്ര പരിസ്ഥിതി-കാലാവസ്ഥാവ്യതിയാന വകുപ്പ് 8.6.2016 ൽ വിജ്ഞാപനം പുറപ്പെടുവിച്ചു. കേരള സർക്കാർ പരിസ്ഥിതിവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അതോരിറ്റിയുടെ ചെയർമാനും കേരളസംസ്ഥാന മലിനീകരണനിയന്ത്രണബോർഡ് മെമ്പർ സെക്രട്ടറി അതേരിറ്റിയുടെ മെമ്പർ സെക്രട്ടറിയുമാണ്. പുതിയ അതോരിറ്റിയെ കേരളസർക്കാർ പരിസ്ഥിതി വകുപ്പിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനു വേണ്ട നടപടിക്രമങ്ങൾ നടത്തിവരികയാണ്.

അതോരിറ്റിയുടെ കീഴിൽ വരുന്ന അപേക്ഷകൾ മെമ്പർ സെക്രട്ടറി, കേരള തീരദേശ പരിപാലന അതോരിററി, ശാസ്ത്ര-സാങ്കേതികവകുപ്പ്, ശാസ്ത്രിഭവൻ, പട്ടം, തിരുവനന്തപുരം-4 എന്ന വിലാസത്തിൽ അയക്കണം. അപേക്ഷകൾ സംബന്ധിച്ചും അതോരിറ്റിയുടെ പ്രവർത്തനം സംബന്ധിച്ചുമുള്ള വിവരങ്ങൾക്കു 0471-2548290 എന്ന നമ്പറിൽ ഒരു സഹായകേന്ദ്രം ആരംഭിച്ചിട്ടുണ്ട്. ശാസ്ത്ര-സാങ്കേതിക (എ)വകുപ്പിന്റെ 4324/എ2/2016/ശാ.സ.വ.തീയതി.22.8.2016 നമ്പർ

# പതിമൂന്നാം പദ്ധതി:കിലയിൽ ഏകദിന ശിൽപ്പശാല

**പ**തിമൂന്നാം പഞ്ചവത്സരപദ്ധതിയുമായി ബന്ധപ്പെട്ട വികേന്ദ്രീകൃത ആസൂത്രണ വർക്കിംഗ് ഗ്രൂപ്പിന്റെ കൂടിയാലോചനാ ശിൽപ്പശാല കിലയിൽ സംഘടിപ്പിച്ചു.പദ്ധതിമാർഗ്ഗരേഖ നവീകരിക്കുന്നതുസംബന്ധിച്ചായിരുന്നു മുഖ്യചർച്ച. ഗുണനിവാരം കുറയാതെ പദ്ധതി ആസൂത്രണപ്രക്രിയ എങ്ങനെ നടപ്പിലാക്കാം എന്നതിനെസംബന്ധിച്ചും ശിൽപ്പശാല ചർച്ച ചെയ്തു. പ്ലാനിംഗ് ബോർഡ് അംഗം ഡോ.കെ.എൻ. ഹരിലാൽ നേതൃത്വം നൽകിയ ശിൽപ്പശാലയിൽ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്കു പുറമെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങളും സംസംബന്ധിച്ചു.




ശിശുസൗഹൃദ പ്രാദേശികസർക്കാരുകൾ രൂപപ്പെടുത്തുന്നതിനു ബംഗ്ലാദേശിനു കില നൽകിവരുന്ന സേവനങ്ങൾ പരിഗണിച്ച് ബംഗ്ലാദേശ് ഗവർമ്മെണ്ടും യൂണിസെഫും ചേർന്ന് ഏർപ്പെടുത്തിയ പുരസ്കാരം കില ഡയറക്ടർ ഡോ.പി.പി.ബാലൻ ബംഗ്ലാദേശ് കാബിനറ്റ് സെക്രട്ടറി മുഹമ്മദ് ഷാഫിയുൾ ആലത്തിൽനിന്ന് ഏറ്റുവാങ്ങുന്നു

# കിലയ്ക്കു യൂണിസെഫ് പുരസ്കാരം

**ശി**ശുസൗഹൃദ പ്രാദേശികസർക്കാരുകൾ രൂപപ്പെടുത്തുന്നതിനു ബംഗ്ലാദേശിനു കില നൽകിവരുന്ന സേവനങ്ങൾ പരിഗണിച്ച് ബംഗ്ലാദേശ് ഗവർമ്മെണ്ടും യൂണിസെഫും ചേർന്ന് ഏർപ്പെടുത്തിയ പുരസ്കാരം കില ഡയറക്ടർ ഡോ.പി.പി.ബാലൻ ബംഗ്ലാദേശ് കാബിനറ്റ് സെക്രട്ടറി മുഹമ്മദ് ഷാഫിയുൾ ആലത്തിൽനിന്ന് ഏറ്റുവാങ്ങി. തലസ്ഥാനമായ ധാക്കയിൽ നടന്ന ചടങ്ങിൽ പ്രാദേശിക-സഹകരണവകുപ്പു സെക്രട്ടറി അബ്ദുൾ മാലിക്ക് അദ്ധ്യക്ഷത വഹിച്ചു. യൂണിസെഫ് കൺട്രി ചീഫ് എഡ്വേർഡ് ബേഗനർ, പ്രോജക്ട് ഡയറക്ടർ അൻവർ ഹുസൈൻ, തുടങ്ങിയവർ സംസാരിച്ചു. പ്രാദേശിക ഗവർമ്മെണ്ടുകളായ യൂണിയൻ പരിഷത്ത്, ഉപജില്ല-ജില്ലാപരിഷത്തുകൾ, മുനിസിപ്പൽ സ്ഥാപനങ്ങളായ പൗരസഭകൾ, കോർപ്പറേഷനുകൾ എന്നിവയുടെ തലവന്മാർ സംബന്ധിച്ചു. ഇതുവരെയായി 300 ൽ പരം ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും കിലയിൽ പരിശീലനം നൽകി.



അട്ടപ്പാടിയിലെ കില റീജിണൽ പരിശീലനകേന്ദ്രത്തിൽ ഊരുമൂപ്പൻമാർക്കു സംഘടിപ്പിച്ച പരിശീലനപരിപാടി

# അട്ടപ്പാടിയിൽ ഊരുമൂപ്പന്മാർക്കു പരിശീലനം

പട്ടികവർഗ്ഗ ഉപപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ഊരുമൂപ്പൻമാർക്കുള്ള മൂന്നുദിവസത്തെ പരിശീലനപരിപാടി അട്ടപ്പാടി അഹാഡ്സിലെ കിലയുടെ റീജിണൽ പരിശീലനകേന്ദ്രത്തിൽ സംഘടിപ്പിച്ചു. കില കോഴ്സ് ഡയറക്ടർ ഡോ.ജെ.ബി.രാജൻ ഉദ്ഘാടനം ചെയ്തു.കില എക്സ്റ്റഷൻ ഫാക്കൽറ്റി കെ.വി.മോഹൻകുമാർ അദ്ധ്യക്ഷത വഹിച്ചു. കില ട്രെയിനിംഗ് അസോസിയേറ്റ് പ്രതാപ് സിംഗ്, കോർഡിനേറ്റർ യു.വി.ബാബുരാജ്, ഇ.ജിജോസഫ് എന്നിവർ സംസാരിച്ചു. വയനാട്-സുൽത്താൻബത്തേരി മേഖലയിൽനിന്നും പാലക്കാട്-അട്ടപ്പാടി മേഖലയിൽനിന്നുമുള്ള 60 ഊരുമൂപ്പന്മാരാണ് പരിശീലനത്തിൽ പങ്കെടുത്തത്. ഏറ്റവും പിന്നോക്കം നൽക്കുന്ന ഊരുകളിൽനിന്നുള്ള മൂപ്പന്മാരാണിവർ.നാലുബാച്ചുകളിലായി 250 പേർക്കാണ് ഇവിടെ പരിശീലനം നൽകുന്നത്.



KILA News letter Published By Dr. P. P. Balan, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581 (for private circulation only)